# INDIAN SCHOOL AL WADI AL KABIR

| | | |
|---|---|---|
| **CLASS : VII** | **DEPARTMENT: MALAYALAM** | **DATE: 05-05-2023** |
| **Class Note** | **Lesson: എന്ത് ? എന്തൊക്കെ ? എങ്ങനെ ?** | **Topic: OTQ & DISCRIPTIVE** |

**<u>പദപരിചയം</u>**

| | | |
|---|---|---|
| കൊച്ചുപൂച്ച | പാഞ്ഞുകയറി | ആപത്ത് |
| പഠിപ്പിക്കുക | ഭാഗ്യം | അനുഭവം |
| താല്പര്യം | നിഷ്പ്രയാസം | തീരുമാനം |
| പുഞ്ചിരിക്കുക | കള്ളപ്പെണ്ണ് | ദുശ്ചോദ്യം |
| തർക്കിക്കുക | നിശ്ശബ്ദം | തർക്കുത്തരം |
| കൂറ്റൻ | അത്താഴം | കുഞ്ഞുണ്ണി |
| കുരയ്ക്കുക | മനസ്സ് | നിൽക്കുക |
| രക്ഷപ്പെട്ടു | അറിവ് | ചിന്ത |

**<u>അർത്ഥം</u>**

ചില്ല = ശാഖ

തർക്കിക്കുക = വാദിക്കുക

കൂറ്റൻ = വലിയ , ശക്തനായ

നിശ്ശബ്ദം = ശബ്ദമില്ലാതെ

അത്താഴം = രാത്രിയിലെ ഭക്ഷണം

തർക്കുത്തരം = എതിർത്തുള്ള സംസാരം

നിഷ്പ്രയാസം = പ്രയാസം കൂടാതെ

**<u>വിപരീതപദം</u>**

അടുത്ത് x അകലെ

കയറ്റം x ഇറക്കം

മുകളിൽ x താഴെ

കയറുക x ഇറങ്ങുക

രക്ഷ x ശിക്ഷ

മരണം x ജനനം

ഭാഗ്യം x നിർഭാഗ്യം

പ്രയാസം x നിഷ്പ്രയാസം

**പര്യായപദങ്ങൾ**

മരം = വൃക്ഷം , തരു , പാദപം

ചില്ല = ശാഖ , ശിഖരം

പൂച്ച = മാർജാരം , ഓതു

എലി = ആഖു , മൂഷികൻ

നായ = ശ്വാവ് , ശുനകൻ

**എതിർലിംഗം**

മടിയൻ x മടിച്ചി

കള്ളി x കള്ളൻ

അവൻ x അവൾ

അമ്മ x അച്ഛൻ

**ചേർത്തെഴുതുക**

സമം + അല്ലേ = സമമല്ലേ

തള്ള + പൂച്ച = തള്ളപ്പൂച്ച

നിശ്ശബ്ദം + ആയി = നിശ്ശബ്ദമായി

ആപത്ത് + ആണ് = ആപത്താണ്

**പിരിച്ചെഴുതുക**

പഠിക്കാനില്ല = പഠിക്കാൻ + ഇല്ല

താഴേക്കിറങ്ങി = താഴേയ്ക്ക് + ഇറങ്ങി

താല്പര്യമില്ലാത്ത = താല്പര്യം + ഇല്ലാത്ത

ചില്ലയൊടിഞ്ഞു = ചില്ല + ഒടിഞ്ഞു

നാളെത്തന്നെ = നാളെ + തന്നെ

**ഉത്തരമെഴുതുക**

1. 'എന്ത് ? എന്തൊക്കെ ? എങ്ങനെ ? എന്ന കഥ എഴുതിയതാരാണ് ?

   'എന്ത് ? എന്തൊക്കെ ? എങ്ങനെ ? എന്ന കഥ എഴുതിയത് കുഞ്ഞുണ്ണി മാഷാണ്.

2. ഏതു കൃതിയിൽ നിന്നെടുത്തിട്ടുള്ളതാണ് 'എന്ത് ? എന്തൊക്കെ ? എങ്ങനെ ? എന്ന കഥ ?

   'കുന്നോളം വലിപ്പമുള്ള കുഞ്ഞുകഥകൾ' എന്ന കൃതിയിൽ നിന്നെടുത്തിട്ടുള്ളതാണ് 'എന്ത് ? എന്തൊക്കെ ? എങ്ങനെ ? എന്ന കഥ.

3. മണിപ്പൂച്ച മടിയൻ പൂച്ചയാണ് എന്തു കൊണ്ട് ?

എലിയെ പിടിക്കാനും , കടിക്കാനും , തിന്നാനും പഠിച്ചു കഴിഞ്ഞതോടെ ഇനിയൊന്നും പഠിക്കാനില്ലെന്ന് വിചാരിച്ചതു കൊണ്ടാണ് മണിപ്പൂച്ചയെ മടിയൻപൂച്ച എന്ന് വിളിക്കുന്നത്.

4. അമ്മ മണിപ്പൂച്ചയെ പഠിപ്പിക്കാൻ ഉദ്ദേശിച്ച പാഠം എന്ത് ?

അമ്മ മണിപ്പൂച്ചയെ മരം കേറുന്ന വിദ്യയാണ് പഠിപ്പിക്കാൻ ഉദ്ദേശിച്ചത്.

5.കൊച്ചുപൂച്ചയ്ക്ക് ഉറക്കം വരാതിരുന്നതിന് കാരണമെന്ത് ?

കൊച്ചുപൂച്ചയുടെ മനസ്സിൽ ഒരു വലിയ ചിന്ത കടന്നുകൂടിയിരുന്നത് കൊണ്ടാണ് അവൾക്ക് ഉറക്കം വരാതിരുന്നത്.

6. അനുഭവത്തിൽ നിന്ന് കൊച്ചുപൂച്ച പഠിച്ചതെന്ത് ?

ഇന്ന് ജീവിക്കാൻ ഇന്നലത്തെ അറിവ് പോര . താൻ വളരുമ്പോൾ തന്റെ അറിവും, കഴിവും വളരണം. അറിവും കഴിവും വളരാതെ ആളു വളരുന്നത് ആപത്താണ്. ഇതൊക്കെയാണ് കൊച്ചുപൂച്ച അനുഭവത്തിൽ നിന്ന് പഠിച്ചത്.

*******